(ഡി) കേരളാ സോപ്സ് ആന്റ് ഓയിൽസിൽ നിന്നും എത്ര തൊഴിലാളികൾ ഏതെല്ലാം സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിലുള്ള മറ്റ് തൊഴിലാളികൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം സർക്കാർ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സാമ്പത്തിക സഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എഫ്.എ.സി.ടി. യുടെ റീവൈറ്റലൈസേഷൻ പ്രൊപ്പോസൽ അപ്രായോഗികമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി&സി) ഇ.ആർ.സി.യുടെ ശുപാർശ പ്രകാരം കമ്പനി അടച്ചുപൂട്ടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കാനാവില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) കേരളാ സോപ്സ് ആന്റ് ഓയിൽസിൽ നിന്നും 70 ജീവനക്കാർ, ബിവറേജസ് കോർപ്പറേഷൻ, 'അനെർട്ട്' കേരളാ ആട്ടോമൊബൈൽസ് കെ.എസ്.ഐ.ഇ. സിഡ്കോ, മലബാർ സിമെന്റ്സ് എന്നീ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു.

(ഇ) നിലവിലുള്ള മറ്റ് തൊഴിലാളികൾക്ക് വിഷുവിന് ആയിരം രൂപ വീതം ശമ്പള അഡ്വാൻസ് നൽകിയിട്ടുണ്ട്. അവരുടെ പി.എഫ്. കുടിശ്ശികയിലേക്ക് മുപ്പത് ലക്ഷം രൂപ അടച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതു പ്രമാണിച്ച് 500 രൂപ വീതം ഓരോരുത്തർക്കും ശമ്പള അഡ്വാൻസായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളാ സോപ്സ് ആന്റ് ഓയിൽസിന്റെ പ്രവർത്തനം

10 (1194) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കേരളാ സോപ്സ് ആന്റ് ഓയിൽസ് രണ്ടു വർഷമായി പ്രവർത്തനം നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാർക്ക് ശമ്പളമായും മറ്റ് ആനുകൂല്യമായും എന്ത് തുക കുടിശ്ശിക നൽകാനുണ്ട് ;

(സി) ഇത് നൽകാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ;

(ഡി) ജീവനക്കാരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സൗകര്യം എത്രപേർ പ്രയോജനപ്പെടുത്തി ;

(എഫ്) ശേഷിക്കുന്നവർക്ക് എന്ത് സഹായമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(ജി) കമ്പനിയുടെ തുടർ നടത്തിപ്പ് സംബന്ധമായി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളാ സോപ്സ് ആന്റ് ഓയിൽസ് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ ഇ.ആർ.സി.യുടെ ശുപാർശ പ്രകാരം അടച്ചുപൂട്ടാൻ തീരുമാനിച്ചു. എല്ലാ ജീവനക്കാർക്കും വി.ആർ.എസ്.നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ മറ്റു കടങ്ങൾ തീർക്കുന്നതിനും വി.ആർ.എസ്. നല്കുന്നതിനുമായി 567 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ഡി-എഫ്) കമ്പനിയിൽ വി.ആർ.എസ്. പ്രഖ്യാപിച്ചിട്ടുണ്ട്. 16 പേർ വി. ആർ.എസ്.. അപേക്ഷ നൽകിയിട്ടുണ്ട്. കമ്പനി അടച്ചുപൂട്ടാൻ തീരുമാനിച്ചതിനാൽ എല്ലാ തൊളിലാളികളേയും സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൽപ്പെടുത്തുന്നതാണ്.

(ജി) കമ്പനി അടച്ചുപൂട്ടാൻ തീരുമാനിച്ചതിനാൽ ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കൈമാറിയ ഭൂമി

11 (1195) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലെ കൊരട്ടി ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്തുനിന്നും 30 ഏക്കർ ഭൂമി കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് കൈമാറിയത് എന്നാണ് ;

(ബി) പ്രസ്തുത കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) 30 ഏക്കർ ഭൂമി കൈമാറ്റം ചെയ്ത് ലഭിച്ചതിനുശേഷം നാളിതുവരെ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിലെ കൊരട്ടി ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് നിന്നും 30 ഏക്കർ ഭൂമി കേന്ദ്ര ഗവൺമെന്റിൽ നിന്നും മുകുന്ദപുരം തഹസീൽദാർ 7/8/2002-ൽ ഏറ്റെടുത്ത് കേരള സർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമായ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് (KINFRA) അന്ന് തന്നെ കൈമാറി.

LIBRARY ARCHIVES Kerala Legislative Assembly